(ബി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട തെളിവുകൾ പൂർണ്ണമായി ശേഖരിക്കുന്നതിന് അന്വേഷണം നടന്നുവരുന്നു.

(സി) മയക്കുമരുന്നുകളുടെ ഉപയോഗംമൂലമുള്ള ഭവിഷ്യത്തുക്കളെക്കുറിച്ച് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനായി ശക്തമായ ബോധവൽക്കരണ പരിപാടികൾ സ്കൂൾ-കോളേജ് തലങ്ങളിലുൾപ്പെടെ നടപ്പിലാക്കിവരുന്നു. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തി NDPS നിയമപ്രകാരം തക്കതായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനായി ശക്തമായ റെയിഡുകളും നടത്തിവരുന്നു.

**വൈനിന്റേയും ബിയറിന്റേയും അളവും വിലയും**

109 (113) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ 2014-15, 2015-16 വർഷങ്ങളിൽ വാങ്ങിയ വൈനിന്റേയും ബിയറിന്റേയും അളവും വിലയും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) മൊത്തം എത്ര കോടി രൂപയുടെ വൈനും ബിയറും മദ്യവും വാങ്ങുകയുണ്ടായി ; ഇവയുടെ വിൽപ്പനയിലൂടെ മൊത്തം എത്ര തുക ലഭിച്ചു ; ഓരോന്നിൽ നിന്ന് ലഭിച്ച തുക ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(സി) കോർപ്പറേഷൻ വാങ്ങിയ മദ്യം, ബിയർ, വൈൻ എന്നിവ സംസ്ഥാനത്ത് നിന്നും സംസ്ഥാനത്തിന് പുറത്തുനിന്നും എത്ര കോടി വീതമെന്ന് വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്ത് വൈനും, ബിയറും ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾ ഏതൊക്കെയാണ് ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് വൈൻ ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾ നിലവിലില്ല. ബിയർ ഉൽപ്പാദനം നടന്നുവരുന്ന സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. യുണൈറ്റഡ് ബ്രൂവറീസ് - ചേർത്തല
2. യുണൈറ്റഡ് ബ്രൂവറീസ് - പാലക്കാട്
3. മലബാർ ബ്രൂവറീസ് - പൂലാനി, തൃശ്ശൂർ

**ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ**

110 (114) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സ്കൂൾ കോളേജ്തലത്തിൽ എത്ര ലഹരി വിരുദ്ധ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട് ;



LIBRARY ARCHIVES Kerala Legislative Assembly